## ആശയം

കോപമത്സരങ്ങൾക്ക് വശംവദനായ കലി ദ്വാപാരനോടൊപ്പം ഭൂമിയിലേക്കുവന്ന്, അന്യന്റെ ധനത്തെ അപഹരിക്കാൻ വിദ്വേഷി യായ പുഷ്ക്കരനെ പ്രേരിപ്പിച്ചു.

പുഷ്കരൻ :- ആരാണ് അടുത്ത് വന്നത്? എന്താണ് ആഗ്ര ഹം? എല്ലാം പറയുക. പരിചയമില്ലെങ്കിലും അടുത്തുവന്ന നിങ്ങളെ കണ്ടപ്പോൾ പെട്ടെന്ന് എന്റെ മനസ്സിൽ ഉന്മേഷം നിറ യുന്നു. ഭൂമിയിലുള്ളവർ നളനെച്ചെന്നു കാണും അവർക്കു വേണ്ടുന്ന കാര്യം നളൻ സാധിപ്പിച്ചു കൊടുക്കും. അകലെ നിന്ന് നമ്മെക്കാണാൻ ആരും വരാറില്ല. നമുക്ക് നാടു നഗരവുമില്ല. കുടയും ചാമരവും ശത്രുക്കളെ അമർത്തുന്ന വലിയ സൈന്യ വുമില്ല. ക്ഷത്രിയൻ എന്ന സ്ഥാനമേ നമുക്കുള്ളു. ഇതൊക്കെ ഞാനെന്തിനാ വെറുതേ പറഞ്ഞു കേൾപ്പിക്കുന്നത്? നളന്റെ കർമ്മം വേറെ, നമ്മുടെ കർമ്മം വേറെ. നമ്മെക്കൊണ്ട് എന്തുപ കാരമാണ് നിങ്ങൾക്കു വേണ്ടത്?

കലി :- പുഷ്കരാ, നീ വെറുതെ ജന്മം പാഴാക്കരുതെ. എന്റെ സഹായമുണ്ടായാൽ ദുഷ്കരമായിട്ട് ഒന്നുമില്ല. നളനും നീയും തമ്മിൽ എന്താണ് വ്യത്യാസം? നീ ഇപ്പോൾ നളനെ തോല്പിച്ച് നാടു വാഴുക. ഞാനാരാണ് എന്ന് നിന്നോട് പറയാം. ഭൂമിയിൽ എന്നെ അറിയാത്തവർ ആരാണുള്ളത്? നളന് ഞാൻ ശത്രു. നിനക്ക് മിത്രം. നിന്റെ നാട് ഞാൻ നിനക്കു തരുന്നു. നി ചൂതുകളിക്കാൻ തയാ റാവുക. നിനക്കു വിജയമുണ്ടാകും എന്നത് തീർച്ചയാണ്. പണയം വയ്ക്കാൻ വിലയുള്ള വസ്തുക്കളൊന്നുമില്ലെങ്കിൽ ചൂതിന് എന്നെ പണയമായി വയ്ക്കുക. ധനവും ധാന്യവും നാടുമെല്ലാം കൈക്കലാക്കി അവനെ വനത്തിലേക്ക് പറഞ്ഞുവിടുക.